HON'BLE MR. T. M. VARGHESE : സെക്രട്ടറിമുണ്ടെന്നുവരികിൽ ഗവണ്മെൻറ് അതു ചെയ്യുമായിരുന്നു.

MR. K. RAMACHANDRAN : കൊല്ലം പോർട്ടിൽ എത്ര ടണ്ട് ചരക്കുകളാണ് കൈകാര്യം ചെയ്യുന്നതെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. M. VARGHESE : അതു വേണമെങ്കിൽ കണക്കെടുത്തുപറയാം.

MR. K. A. MUHAMMED : അവിടെ ഒരു മേജർ പോർട്ട് അതുക്കാൻ ഒക്കുകയില്ലെങ്കിൽ ഒരു പിയർ എങ്കിലും കെട്ടാൻ ഗവണ്മെൻറുദ്ദേശിക്കുമോ?

HON'BLE MR. T. M. VARGHESE : അതാലോചിച്ചു തീർച്ച പറയാമെന്നു നിവൃത്തിയുള്ളൂ.

MR. R. SANKAR (*Quilon IV—General*) : കൊല്ലത്തുനിന്നും അന്യരാജ്യത്തേക്ക് അയക്കുന്ന അനേകം സാധനങ്ങൾ ഉണ്ടെന്നറിയാമോ?

HON'BLE MR. T. M. VARGHESE : അനേകം സാധനങ്ങൾ ഉണ്ടെന്ന് അറിഞ്ഞുകൂടാ. ചില സാധനങ്ങൾ ഉണ്ടെന്നറിയാം.

MR. K. A. MUHAMMED : കൊല്ലം ഒരു മേജർ പോർട്ടാക്കുന്നതിനു എപ്പ്. ആൻറ് സി. കമ്പനിക്കാർ വല്ല നിർദ്ദേശവും സമർപ്പിച്ചിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : ഉള്ളതായിട്ടറിവില്ല. വ്യക്തിപരമായ നിലയിൽ പറയുകയാണെങ്കിൽ അങ്ങിനെ മുമ്പു ഉണ്ടായതായി കേട്ടിട്ടുണ്ട്.

MR. MOHAMMED MUSTAFA : കൊല്ലത്തു് ഒരു മേജർ ഹാർബർ ഉണ്ടാക്കുന്നതിലേയ്ക്കു് ഗവണ്മെൻറ് എപ്പോഴെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : അവിടെ ഒരു മേജർ ഹാർബർ ഉണ്ടാക്കുന്നതിനു പ്രതിബന്ധങ്ങൾ ഉണ്ടെന്നു അറിയാൻ ഇടവന്നതു് അന്വേഷണത്തിൻറെ ഫലമായിട്ടാണു്?

Bridges.

48. MR. P. S. MUHAMMED (*Moovattupuzha I—Muslim*) : Will the Honourable Minister for Public Works be pleased to state :

(*a*) whether it was brought to the notice of the Government about the unsafe condition of the 3 bridges, *i. e.*, Chavara bridge, Kannittil bridge and the Thottapalli bridge on road between Quilon and Alleppy;

(*b*) how long these bridges were found in the same condition; and

(*c*) the reasons why these bridges are being kept in the damaged condition ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. ATCHUTHAN : (എ) ഉണ്ട്.

(ബി) ചവറ-കണ്ണേറ്റി പാലം എട്ടുകൊല്ലമായും, തോട്ടപ്പള്ളി പ്പാലം ഒരു കൊല്ലമായും കേട്ട സംഭവിച്ചുകിടക്കുകയാണെന്നുള്ള വിവരം അറിയാം.

(സി) ഇരുമ്പും സിമൻറും കിട്ടാത്തതുകൊണ്ടാണ് പാലം പണിയുന്നതിന് താമസം വന്നത്.

Fishing in the sea.

49. MR. P. S. MUHAMMED: Will the Honourable Minister for Fisheries be pleased to state :

(*a*) whether Government have provided any facility for fishing in the sea for the coastal people of Ambalapuzha and Shertallai ; and

(*b*) if the answer to part (*a*) be in the affirmative, please state what they are?

HON'BLE MR. K. M. KORAH : (*a*) No.

(*b*) The question does not arise in view of the answer to (*a*).

MR. P. S. MCHAMMED : ഈ രണ്ടു താലൂക്കുകളിലുള്ള മത്സ്യം പിടിത്തക്കാർ ക്രമത്തിലധികം വൈഷമ്യങ്ങൾ അനുഭവിക്കുന്നുണ്ടെന്നുള്ള വിവരം അറിയാമോ?

HON'BLE MR. K. M. KORAH : അറിയാം.

MR. P. S. MUHAMMED : അതിന് അവക്കെന്തെങ്കിലും സൌകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നു ഗവണ്മെൻറിനു തോന്നിയിട്ടുണ്ടോ?

HON'BLE MR. K. M. KORAH : തോന്നിയിട്ടുണ്ട്. അതിൻെറ ഫലമായി ചെയ്തിട്ടുള്ളതു പറയാം. മമ്പാട്, വിഴിഞ്ഞം, നാഗരുകോവിൽ, വൈയ്യം എന്നീ നാലു സ്ഥലങ്ങളിൽ ഫിഷ്കൂറിംഗ യാഡുകൾ സ്ഥാപിച്ചിട്ടുണ്ട്. പക്ഷെ ഇവയൊന്നും ഇപ്പോൾ ഉപയോഗത്തിലിരിക്കുന്നില്ല. ഉപയോഗപ്രദമായി മറ്റു സ്ഥലങ്ങളിലും ഫിഷ്കൂറിംഗ് യാഡുകൾ പണിയാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കന്യാകുമാരിയിൽ ഇതുപോലെ ഒന്നിൻെറ പണി നടക്കുന്നുണ്ട്. അതു വിജയപ്രദമെന്നു കാണുകയാണെങ്കിൽ അമ്പലപ്പുഴയും ചേർത്തലയുംകൂടി പണി കഴിക്കുന്നതായിരിക്കും.

MR. K. A. MUHAMMED : എന്തുകൊണ്ടാണ് ഈ ഫിഷ്കൂറിംഗ് യാഡുകൾ ഇപ്പോൾ ഉപയോഗിക്കുന്നില്ലെന്നു പറഞ്ഞത്.

HON'BLE MR. K. M. KORAH : മുമ്പ് ഈ ഫിഷ്കൂറിംഗ് യാഡുകൾക്ക് ഉപ്പ് ഡ്യൂട്ടി ക്രടാതെ കൊടുത്തുകൊണ്ടിരുന്നു. അതു ഫൻറ്റെ

LIBRARY ARCHIVES Kerala Legislative Assembly